# സലഫുകൾ ഇൽമുൽകലാമിനെതിരെ

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ ( رحمه الله )*
**അവലംബ ഗ്രന്ഥം:** فتح رب البرية بتلخيص الحموية
**വിവർത്തനം:** *ഹംസ ജമാലി*

വചനശാസ്ത്ര പണ്ഡിതന്മാർ അവരുടെ വിശ്വാസത്തെ സ്ഥാപിക്കാൻ നൂതന മാർഗങ്ങളിലൂടെ ഇസ്‌ലാമിന്റെ അടിസ്ഥാനകാര്യങ്ങളിൽ കടത്തിക്കൂട്ടിയ പുത്തൻവാദമാണ് ഇൽമുൽകലാം. ഇതുകൊണ്ടുദ്ദേശിക്കുന്നത്, ഖുർആനിലും ഹദീഥിലും പ്രസ്താവിക്കപ്പെട്ടവയെ അവർ ഇതുകൊണ്ട് എതിർക്കുകയുമുണ്ടായി. വചനശാസ്ത്രത്തെയും അതംഗീകരിക്കുന്നവരെയും പൂർവികർ ശക്തമായി താക്കീതു നല്കുകയും ഖണ്ഡിക്കുകയും ചെയ്തിട്ടുണ്ട്. എത്രത്തോളമെന്നാൽ ഇമാം അഹ്‌മദ് ( رحمه الله ) പറയുകയുണ്ടായി:

لا يفلح صاحب كلام أبداً

“വചനശാസ്ത്രജ്ഞർ ഒരിക്കലും വിജയം പ്രാപിക്കുകയില്ല.”

ഇമാം ശാഫിഈ ( رحمه الله ) പറഞ്ഞു:

حُكمي في أهل الكلام أن يُضربوا بالجريد والنعال، ويطاف بهم في العشائر والقبائل ويقالَ: هذا جزاء من ترك الكتاب والسنة وأقبل على علم الكلام

‘‘മുതകല്ലിമുകളെ (വചനശാസ്ത്രജ്ഞരെ) ഓലമടൽ, ചെരിപ്പ് എന്നിവകൊണ്ട് അടിക്കുകയും ഗോത്രങ്ങൾക്കിടയിൽ അവരെ ചുറ്റിനടത്തുകയും ചെയ്തുകൊണ്ട് ഖുർആനും സുന്നത്തും ഉപേക്ഷിച്ച് വചനശാസ്ത്രരുടെ കൂടെ ചേർന്നതിനുള്ള ശിക്ഷയാണിതെന്ന് പറയുകയും ചെയ്യണമെന്നാണ് ഞാൻ കൽപിക്കുന്നത്.’’

അവർ അല്ലാഹുവിനോട് പശ്ചാതപിക്കുന്നതിനും മറ്റുള്ളവർ അവരുടെ മാർഗം പിൻപറ്റാതിരിക്കാനുള്ള ഗുണപാഠത്തിനും ഇമാം ശാഫിഈ( رحمه الله ) പറഞ്ഞ ഈ വാക്കിന് അർഹരാണവർ. ഇനി മറ്റൊരു നിലക്ക് നോക്കുകയാണെങ്കിൽ പരിഭ്രമവും പിശാചും ഈ വിഭാഗത്തെ കീഴടക്കിയതായിക്കാണാം. അതിനാൽ നമുക്ക് അവരോട് സഹതപിക്കാം. അവർക്കു ബാധിച്ച ഈ രോഗത്തിൽ നിന്നും നമ്മെ രക്ഷപ്പെടുത്തിയ അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യാം.

നമുക്ക് അവരുടെ വിഷയത്തിൽ രണ്ടഭിപ്രായമാണുള്ളത്. അവരെ മര്യാദ പഠിപ്പിക്കുകയും അവരെ ഈ വിശ്വാസം പ്രചരിപ്പിക്കുന്നതിൽ നിന്ന് തടയുകയും ചെയ്യുക എന്ന മതപരമായ ബാധ്യതയാണത്. മറ്റൊന്ന് അത് അല്ലാഹുവിന്റെ നിശ്ചയമാണെന്ന നിലക്ക് അവരോട് കരുണ കാണിക്കുകയും അവർക്കു ബാധിച്ച ഈ അവസ്ഥയിൽ നിന്നും രക്ഷ നൽകിയ അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യുക എന്നതുമാകുന്നു.

ഇൽമുൽകലാമിൽ പ്രവേശിച്ച് അതിന്റെ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലാത്തവരെയാണ് ഏറ്റവും കൂടുതൽ ഭയപ്പെടേണ്ടത്. എന്തുകൊണ്ടെന്നാൽ ഇതിൽ തീരെ പ്രവേശിക്കാത്തവനാണെങ്കിൽ അവൻ ഈ രോഗത്തിൽ നിന്നും മുക്തനായിരിക്കുന്നു. ഇനി അതിന്റെ ആഴത്തിലേക്ക്

എത്തിയവരാണെങ്കിൽ ഇവരിലെ പ്രമുഖരിൽ ചിലർക്കുണ്ടായതുപോലെ അവരുടെ വഴികേടിനെക്കുറിച്ച് ബോധ്യപ്പെടുകയും ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുകയും ചെയ്യുന്നതാണ്.[1] എന്നാൽ സൽപന്ഥാവിൽ നിന്ന് തെറ്റി കാര്യം ബോധ്യപ്പെടാതെ അബദ്ധത്തിൽ അവശേഷിക്കുന്നവരുടെ കാര്യമായിരിക്കും അപകടത്തിലാവുക.

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ (رحمه الله) തന്റെ ഈ ഫത്‌വയിലെ ഈ അധ്യായത്തിൽ വളരെയധികം മുതകല്ലിമുകളുടെ വാക്കുകൾ എടുത്തുദ്ധരിച്ചിരിക്കുന്നു. അദ്ദേഹം പറഞ്ഞു:

وإن كنا مستغنين بالكتاب والسنة وآثار السلف عن كل كلام. ولكن كثيراً من الناس قد صار منتسباً إلى بعض طوائف المتكلمين، ومُحسناً للظن بهم دونَ غيرهم، ومتوهماً أنهم حققوا في هذا الباب ما لم يحققه غيرهم، فلو أُتي بكل آية ما تبعها حتى يُؤتى بشيء من كلامهم. ثم قال: وليس كل من ذكرنا قوله من المتكلمين وغيرهم نقول بجميع ما يقوله في هذا وغيره، ولكن الحق يُقبل من كل من تكلم به

“എല്ലാ വിധ തത്വശാസ്ത്രങ്ങളെക്കാളുപരി വിശുദ്ധഖുർആനും സുന്നത്തും സലഫുകളുടെ മാർഗവും തന്നെ നമുക്ക് മതിയെങ്കിലും അധിക ജനങ്ങളും ചില വചന ശാസ്ത്ര വിഭാഗങ്ങളിലേക്ക് - അവരെ കുറിച്ചുള്ള നല്ല വിചാരത്താൽ - ചേർത്തു പറയുന്നവരായിരിക്കുന്നു! മറ്റു പലരും അപഗ്രഥിക്കാത്ത പലതും ഇക്കൂട്ടർ അപഗ്രഥിച്ചിട്ടുണ്ടെന്ന അബദ്ധ ധാരണയാണവർക്കുള്ളത്. അങ്ങനെ ഇത്തരക്കാർക്ക് ഖുർആനിലെ എല്ലാ വചനങ്ങളും ഓതിക്കേൾപ്പിക്കുകയാണെങ്കിലും വചനശാസ്ത്രജ്ഞരുടെ വാക്കിൽനിന്നൽപമെങ്കിലും ലഭിച്ചെങ്കിലേ ഇവർ തൃപ്തരാകൂ, തുടർന്ന് അദ്ദേഹം പറഞ്ഞു: ഈ കാര്യത്തിലാകട്ടെ അല്ലാത്തതിലാകട്ടെ വചന ശാസ്ത്രത്തിന്റെ ആളുകളിൽ നിന്നും അല്ലാത്തവരിൽനിന്നുമായി നാം എടുത്തുദ്ധരിച്ച വാക്കുകൾ എല്ലാം തന്നെ നമ്മുടെ അഭിപ്രായമായി നാം പറയുന്നില്ല. പക്ഷേ സത്യം ആരു പറഞ്ഞാലും അത് സ്വീകരിക്കപ്പെടേണ്ടതാകുന്നു.” (ഫതാവാ ഇബ്നുതൈമിയ്യ 5/99 നോക്കുക.)

ഇവിടെ ശൈഖുൽ ഇസ്‌ലാം (رحمه الله) ഏതു മനുഷ്യരിൽ നിന്നാണെങ്കിലും സത്യം വ്യക്തമാക്കലും അവരുടെ നേതാക്കന്മാരുടെ വാക്കുകളിൽ നിന്നുതന്നെ അവർക്കെതിരിലുള്ള തെളിവ് സമർത്ഥിക്കലുമാണ് ലക്ഷ്യമാക്കുന്നത്.

[1] ഉദാഹരണത്തിന് ഇമാംഗസ്സാലി, അബുൽഹസൻ അശ്അരി പോലുള്ളവർ.